**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1213** **07-02-2023 - ൽ മറുപടിയ്ക്ക്**

**അങ്കമാലി ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അങ്കമാലി പട്ടണത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇതിന് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ; | (എ) | അങ്കമാലി പട്ടണത്തിലെ ഗതാഗത കുരുക്കിന് ശാശ്വത പരിഹാരമായിട്ടാണ് അങ്കമാലി ബൈപ്പാസ് (കരയാംപറമ്പ് ജംഗ്ഷൻ- എൻ.എച്ച് 544 മുതൽ അങ്കമാലി റെയിൽവേ സ്റ്റേഷൻ റോഡ്- എൻ.എച്ച് 544 വരെ) നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ബൈപാസ് നിർമ്മാണത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 50 കോടി രൂപയ്ക്ക് G.O(Rt)No.1324/2016/PWD തീയതി 23.09.2016 ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി നിയോഗിച്ചിട്ടുണ്ട്. ആവശ്യമായ പഠനങ്ങൾക്ക് ശേഷം 6 വരി പാത നിർമ്മിക്കുന്നതിന് സമർപ്പിച്ച ഡി.പി.ആർ പ്രകാരം പദ്ധതിയ്ക്ക് 390.68 കോടി രൂപയുടെ ഭരണാനുമതി G.O(Rt)No.771/2017/PWD തീയതി 02.06.2017 പ്രകാരം നൽകിയിട്ടുണ്ട്.<br><br>NH-66-ൽ കരയാമ്പറമ്പ് കവലയിൽ നിന്നു തുടങ്ങി അങ്കമാലി റെയിൽവേ സ്റ്റേഷന് സമീപം നാഷണൽ ഹൈവേയിൽ അവസാനിക്കുന്ന തരത്തിൽ 6 വരി പാതയായാണ് അലൈൻമെൻറ് നിശ്ചയിച്ചത്. 3.115 കി.മീ. ദീർഘമുള്ള അലൈൻമെൻറിൽ 1.785 കി.മീ. ഭാഗം മാഞ്ഞാലി കനാലിന് കുറുകെ എലിവേറ്റഡ് ഹൈവേ ആയിട്ടാണ് വിഭാവനം ചെയ്തിരുന്നത്.എന്നാൽ 4 വരി പാത നിർമ്മിക്കുവാനും എലിവേറ്റഡ് ഹൈവേയുടെ ഭാഗത്തെ അലൈൻമെൻറ് മാഞ്ഞാലി കനാലിന് പടിഞ്ഞാറോട്ടു നീക്കി സ്ഥലം നികത്തി റോഡ് നിർമ്മിക്കുന്ന തരത്തിൽ ഡി.പി.ആർ പരിഷ്കരിക്കുവാനും കിഫ്ബി ആവശ്യപ്പെട്ടു. ഇത്തരത്തിൽ പരിഷ്കരിച്ച ഡി.പി.ആർ -ന് കിഫ്ബി 190.16 കോടി രൂപ അനുവദിച്ചു. എന്നാൽ 2018-ൽ ഉണ്ടായ വെള്ളപ്പൊക്കത്തോടെ ചതുപ്പ് നികത്തി |

| | | | |
|---|---|---|---|
| | | | റോഡ് നിർമ്മിക്കുന്നത് അഭികാമ്യമല്ല എന്ന് കണ്ടതിനാൽ , ആർ.ബി.ഡി.സി.കെ യുടെ ശിപാർശ പ്രകാരം അലൈൻമെൻറ് മാറ്റി എലിവേറ്റഡ് ഹൈവേ ഉൾപ്പെട്ട ബൈപ്പാസ് നിർമ്മിക്കുവാൻ കിഫ്ബിയിൽ നിന്ന് നിർദ്ദേശം നൽകി. ഇത്തരത്തിൽ വീണ്ടും പരിഷ്കരിച്ച ഡി.പി.ആർ ന് 275.52 കോടി രൂപ കിഫ്ബി അനുവദിച്ചു. G.O(Rt)No. 2898/2020/RD dated 17.09.2020 പ്രകാരം സ്ഥലമേറ്റെടുപ്പിന് ഭരണാനുമതി നൽകി. . അലൈൻമെൻറ് കല്ലുകൾ സ്ഥാപിച്ച് സംയുക്ത സ്ഥല പരിശോധന നടത്തി, 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് സാമൂഹ്യാഘാത പഠനം നടത്തുകയും പൊന്നുംവില നടപടി പ്രകാരം 11(1) വിജ്ഞാപനം 22.08.2022 ൽ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ എൽ.എ. സബ് ഡിവിഷൻ സർവ്വെ വർക്കുകൾ എൽ.എ ഓഫീസിൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ബി) | 02.06.2017-ൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതിയും 2017-ൽ തന്നെ കിഫ്ബി അംഗീകാരം നൽകിയതുമായ അങ്കമാലി ബൈപ്പാസ് പദ്ധതി നാളിതുവരെയായി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ബൈപ്പാസ് നിർമ്മാണം ആരംഭിക്കുവാനായി ഇനി എന്തെല്ലാം നടപടികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | അങ്കമാലി പട്ടണത്തിലെ ഗതാഗത കുരുക്കിന് ശാശ്വത പരിഹാരമായിട്ടാണ് അങ്കമാലി ബൈപ്പാസ് (കരയാംപറമ്പ് ജംഗ്ഷൻ- എൻ.എച്ച് 544 മുതൽ അങ്കമാലി റെയിൽവേ സ്റ്റേഷൻ റോഡ്-എൻ.എച്ച് 544 വരെ) നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ബൈപാസ് നിർമ്മാണത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 50 കോടി രൂപയ്ക്ക് G.O(Rt)No.1324/2016/PWD തീയതി 23.09.2016 ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി നിയോഗിച്ചിട്ടുണ്ട്. ആവശ്യമായ പഠനങ്ങൾക്ക് ശേഷം 6 വരി പാത നിർമ്മിക്കുന്നതിന് സമർപ്പിച്ച ഡി.പി.ആർ പ്രകാരം പദ്ധതിയ്ക്ക് 390.68 കോടി രൂപയുടെ ഭരണാനുമതി G.O(Rt)No.771/2017/PWD തീയതി 02.06.2017 പ്രകാരം നൽകിയിട്ടുണ്ട്.<br><br>NH-66-ൽ കരയാമ്പറമ്പ് കവലയിൽ നിന്നു തുടങ്ങി അങ്കമാലി റെയിൽവേ സ്റ്റേഷന് സമീപം നാഷണൽ ഹൈവേയിൽ അവസാനിക്കുന്ന തരത്തിൽ 6 വരി പാതയായാണ് അലൈൻമെൻറ് നിശ്ചയിച്ചത്. 3.115 കി.മീ. ദീർഘമുള്ള അലൈൻമെൻറിൽ 1.785 കി.മീ. ഭാഗം മാഞ്ഞാലി കനാലിന് കുറുകെ എലിവേറ്റഡ് ഹൈവേ ആയിട്ടാണ് വിഭാവനം ചെയ്തിരുന്നത്.എന്നാൽ 4 വരി പാത നിർമ്മിക്കുവാനും എലിവേറ്റഡ് ഹൈവേയുടെ |

| | | | |
|---|---|---|---|
| | | | ഭാഗത്തെ അലൈൻമെൻറ് മാഞ്ഞാലി കനാലിന് പടിഞ്ഞാറോട്ടു നീക്കി സ്ഥലം നികത്തി റോഡ് നിർമ്മിക്കുന്ന തരത്തിൽ ഡി.പി.ആർ പരിഷ്കരിക്കുവാനും കിഫ്ബി ആവശ്യപ്പെട്ടു. ഇത്തരത്തിൽ പരിഷ്കരിച്ച ഡി.പി.ആർ -ന് കിഫ്ബി 190.16 കോടി രൂപ അനുവദിച്ചു. എന്നാൽ 2018-ൽ ഉണ്ടായ വെള്ളപ്പൊക്കത്തോടെ ചതുപ്പ് നികത്തി റോഡ് നിർമ്മിക്കുന്നത് അഭികാമ്യമല്ല എന്ന് കണ്ടതിനാൽ , ആർ.ബി.ഡി.സി.കെ യുടെ ശിപാർശ പ്രകാരം അലൈൻമെൻറ് മാറ്റി എലിവേറ്റഡ് ഹൈവേ ഉൾപ്പെട്ട ബൈപ്പാസ് നിർമ്മിക്കുവാൻ കിഫ്ബിയിൽ നിന്ന് നിർദ്ദേശം നൽകി. ഇത്തരത്തിൽ വീണ്ടും പരിഷ്കരിച്ച ഡി.പി.ആർ ന് 275.52 കോടി രൂപ കിഫ്ബി അനുവദിച്ചു. G.O(Rt)No. 2898/2020/RD dated 17.09.2020 പ്രകാരം സ്ഥലമേറ്റെടുപ്പിന് ഭരണാനുമതി നൽകി. . അലൈൻമെൻറ് കല്ലുകൾ സ്ഥാപിച്ച് സംയുക്ത സ്ഥല പരിശോധന നടത്തി, 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് സാമൂഹ്യാഘാത പഠനം നടത്തുകയും പൊന്നുംവില നടപടി പ്രകാരം 11(1) വിജ്ഞാപനം 22.08.2022 ൽ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ എൽ.എ. സബ് ഡിവിഷൻ സർവ്വെ വർക്കുകൾ എൽ.എ ഓഫീസിൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (സി) | പ്രസ്തുത പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ റവന്യൂ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പും ഇതിന്മേൽ വകുപ്പ് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശവും ലഭ്യമാക്കാമോ; | (സി) | അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിൻറെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ, സ്ഥലമെടുപ്പ് തഹസിൽദാർ, ആർ.ബി.ഡി.സി.കെ. ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത സാന്നിധ്യത്തിൽ പല തവണ പുരോഗതി വിലയിരുത്തുന്നതിനായി മീറ്റിംഗുകൾ നടത്തിയിട്ടുള്ളതാണ്. സർവ്വേ വർക്കുകൾ വേഗത്തിലാക്കുവാൻ സ്പെഷ്യൽ സർവ്വെ ടീമിനെ നിയോഗിക്കണമെന്ന് ആർ.ബി.ഡി.സി.കെ. ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുമുണ്ട്. കൂടാതെ 24.01.2023 ൽ ബഹു. എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ വെച്ച് എൽ.എ. പ്രതിനിധികളെയും, ആർ.ബി.ഡി.സി.കെ പ്രതിനിധികളെയും ഉൾക്കൊള്ളിച്ച് മീറ്റിംഗ് നടത്തുകയും, എൽ.എ നടപടികൾ വേഗത്തിലാക്കാൻ വേണ്ട തീരുമാനങ്ങൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. യോഗത്തിലെ നിർദ്ദേശ പ്രകാരമുള്ള പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | അതത് വകുപ്പിൽ നടന്നു വരുന്നു. മീറ്റിംഗിന്റെ മിനിറ്റ്സ് അനുബന്ധമായി ചേർക്കുന്നു |
| (ഡി) | അങ്കമാലി ബൈപ്പാസ് നിർമ്മാണം വേഗത്തിലാക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിന് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുമോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിൻറെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ, സ്ഥലമെടുപ്പ് തഹസിൽദാർ, ആർ.ബി.ഡി.സി.കെ. ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത സാന്നിധ്യത്തിൽ പല തവണ പുരോഗതി വിലയിരുത്തുന്നതിനായി മീറ്റിംഗുകൾ നടത്തിയിട്ടുള്ളതാണ്. സർവ്വേ വർക്കുകൾ വേഗത്തിലാക്കുവാൻ സ്പെഷ്യൽ സർവ്വെ ടീമിനെ നിയോഗിക്കണമെന്ന് ആർ.ബി.ഡി.സി.കെ. ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുമുണ്ട്. കൂടാതെ 24.01.2023 ൽ ബഹു. എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ വെച്ച് എൽ.എ. പ്രതിനിധികളെയും, ആർ.ബി.ഡി.സി.കെ പ്രതിനിധികളെയും ഉൾക്കൊള്ളിച്ച് മീറ്റിംഗ് നടത്തുകയും, എൽ.എ നടപടികൾ വേഗത്തിലാക്കാൻ വേണ്ട തീരുമാനങ്ങൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. യോഗത്തിലെ നിർദ്ദേശ പ്രകാരമുള്ള പ്രവൃത്തികൾ അതത് വകുപ്പിൽ നടന്നു വരുന്നു. മീറ്റിംഗിന്റെ മിനിറ്റ്സ് അനുബന്ധമായി ചേർക്കുന്നു |
| (ഇ) | അടിയന്തര ഇടപെടൽ നടത്തി അങ്കമാലി ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | നിലവിൽ എൽ.എ. ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ കിഫ്ബി, എറണാകുളം ഓഫീസിൽ പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്ന് കൊണ്ടിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ

C7-7765/20

**അങ്കമാലി - കൊച്ചി എയർപോർട്ട് ബൈപ്പാസ് പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് അങ്കമാലി നിയോജകമണ്ഡലം MLA ബഹു. ശ്രീ. റോജി എം ജോണിന്റെ ആഭിമുഖ്യത്തില് 24.01.2023 ൽ രാവിലെ 11.30 ന് അങ്കമാലി റസ്റ്റ്ഹൗസിൽ ചേർന്ന യോഗനടപടികുറിപ്പ്**

യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. സുനിലാൽ. പി.ബി, ഡെപ്യൂട്ടി കളക്ടർ എൽ എ
2. മാത്യു തോമസ് , ചെയർമാൻ അങ്കമാലി മുനിസിപ്പാലിറ്റി
3. റീനു എലിസബത്ത് ചാക്കോ, Dy GM, RBDCK , Ernakulam
4. T.N, ദേവരാജൻ, സ്പെഷ്യൽ തഹസിൽദാർ
5. A.G. ഉണ്ണികൃഷ്ണൻ, വാല്യുവേഷൻ അസിസ്റ്റന്റ്, സ്പെഷ്യൽ തഹസിൽദാർ (എൽ എ) കിഫ്ബി
6. വിനോദ് റ്റി.എൻ, റവന്യൂ ഇൻസ്പെക്ടർ, സ്പെഷ്യൽ തഹസിൽദാർ (എൽ എ) കിഫ്ബി
7. ഷാജി എം.എസ് , സർവ്വെയർ, സ്പെഷ്യൽ തഹസിൽദാർ (എൽ എ) കിഫ്ബി
8. സന്തോഷ് റ്റി.എ, റവന്യൂ ഇൻസ്പെക്ടർ, സ്പെഷ്യൽ തഹസിൽദാർ (എൽ എ) കിഫ്ബി
9. വിനോദ് കുമാർ സി.പി, വില്ലേജ് അസിസ്റ്റന്റ്, സ്പെഷ്യൽ തഹസിൽദാർ (എൽ എ) കിഫ്ബി

യോഗം 11.30 ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും എൽ എ ഡെപ്യൂട്ടി കളക്ടർ സ്വാഗതം ചെയ്തു. തുടർന്ന് സ്ഥലമെടുപ്പിന്റെ നിലവിലെ പുരോഗതിയും ഇനി ഈ സ്ഥലമെടുപ്പിന് സ്വീകരിക്കേണ്ട മറ്റു നടപടികളും യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ വിശദീകരിച്ചു. എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ അങ്കമാലി - കറുകുറ്റി വില്ലേജുകളിലൂടെ കടന്നുപോകുന്ന അങ്കമാലി - കൊച്ചി എയർപോർട്ട് ബൈപ്പാസ് പദ്ധതിയുടെ LARR Act 2013 പ്രകാരം സ്ഥലമെടുപ്പിനായി ഏകദേശം 7.5831 H ഭൂമിയുടെ 11(1) വിജ്ഞാപനം 24.08.2022 ന് പ്രസിദ്ധീകരിച്ചിട്ടുള്ളതും, 19(1) പ്രഖ്യാപനം 23.08.2023 ന് പൂർത്തിയാക്കേണ്ടതുമാണെന്ന് ഡെപ്യൂട്ടി കളക്ടർ LA യോഗത്തിൽ അറിയിച്ചു. 19(1) പുറപ്പെടുവിക്കേണ്ട തീയതി 23/08/2023 നുള്ളിൽ തന്നെ സമയക്രമം പാലിച്ച് നടപടികൾ വിശദീകരിക്കുവാൻ LA തഹസിൽദാരോട് ആവശ്യപ്പെട്ടു.

ഏറ്റെടുക്കേണ്ട സ്ഥലം ചതുപ്പ് നിലവും വെള്ളക്കെട്ടു പ്രദേശവുമായതിനാൽ മഴക്കാലം തുടങ്ങിയാൽ സർവ്വെ പ്രവർത്തികൾ ചെയ്യാൻ പറ്റാത്ത സാഹചര്യമാണ് ഉള്ളതെന്നും ആയതു കൊണ്ട് മാർച്ച് 15 നുള്ളിൽ സർവ്വെ നടപടികൾ പൂർത്തിയാക്കണമെന്ന് ബഹുമാനപ്പെട്ട എംഎൽഎ അറിയിച്ചു. സർവ്വെ നടപടികൾക്ക് ആവശ്യമെങ്കിൽ അടിയന്തരമായി അഡീഷണൽ സ്റ്റാഫിനെ നിയമിച്ച് ടി പ്രവർത്തികൾ സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കണമെന്നും യാതൊരു കാരണവശാലും നീണ്ടുപോകരുതെന്നും ബഹു. എംഎൽഎ കർശന നിർദ്ദേശം നൽകി. സർവ്വെ നടപടികൾ പൂർത്തിയാക്കുവാനാണ് ഈ സ്ഥലമെടുപ്പിൽ ഏറ്റവും ശ്രമകരമായ ദൗത്യമെന്ന് LA തഹസിൽദാർ അറിയിച്ചു. സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയും താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതുമാണ്.

1) ഫീൽഡ് വർക്കുകൾ 31.03.2023 നകം പൂർത്തിയാക്കണം
2) ഫീൽഡ് വർക്കിനു സർവ്വെ പ്രൈവറ്റ്/റിട്ടയേർഡ് സർവ്വെയർമാരെ കൂടി ഉൾപ്പെടുത്തി ടീമുകളായി തിരിച്ച് ഫീൽഡ് വർക്ക് പൂർത്തീകരിക്കുന്നതിനുള്ള സാധ്യത ലാന്റ് അക്വിസിഷൻ ഓഫീസർ പരിശോധിക്കേണ്ടതാണ്.
3) ഫീൽഡ് വർക്ക് മാത്രം പ്രഥമ പരിഗണനയിൽ പൂർത്തിയാക്കുന്നതിന് ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ 30.01.2023 ന് നൽകണമെന്ന് ലാന്റ് അക്വിസിഷൻ ഓഫീസർക്ക് നിർദ്ദേശം നൽകി.
4) സർവ്വെ റിക്കാർഡുകൾ 30.06.2023 നകം തയ്യാറാക്കി LR തഹസിൽദാർക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.
5) അഡ്മിനിസ്റ്റേറ്റീവ് ഹിയറിംഗ് 15.04.23 നകം നടത്താവുന്ന വിധത്തിൽ ആർ ആർ പാക്കേജ് തയ്യാറാക്കി മുൻകൂറായി സമർപ്പിക്കേണ്ടതാണ്.
6) 31.07.2023 Record എൽ.ആർ. തഹസിൽദാരിൽ നിന്നും അപ്രൂവൽ ചെയ്ത് വാങ്ങേണ്ടതാണ്.
7) Wet Land conversion ആവശ്യമായ നടപടികൾ അർത്ഥനാധികാരി സ്വീകരിക്കണം.
8) BVR തയ്യാറാക്കുന്നതിനാവശ്യമായ Record കളും സ്ഥലപരിശോധനയും മുൻകൂറായി തയ്യാറാക്കി വക്കേണ്ടതാണ്.
9) Tree, Agriculture, Building valuation എന്നിവയും ബന്ധപ്പെട്ട അധികാരികൾ മുഖാന്തിരം തയ്യാറാക്കി വക്കേണ്ടതാണ്.
10) ഫണ്ട് റിക്വസ്റ്റ് 01.08.2023 നുള്ളിൽ LAO, അർത്ഥനാധികാരിയ്ക്കും നൽകണം.
11) അർത്ഥനാധികാരി 10.08.2023 നുള്ളിൽ LA യ്ക്ക് ആവശ്യമായ ഫണ്ട് LAO യ്ക്ക് ലഭ്യമാക്കണം
12) 19(1) പ്രപ്പോസൽ 15.08.2023 ന് LAO സമർപ്പിക്കണം.
13) 20.08.2023 ന് 19(1) പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കണം

2023 മാർച്ച് 31 നുള്ളിൽ പദ്ധതി പുരോഗതി അവലോകനത്തിനായി ഒരു യോഗം കൂടി ചേരാമെന്ന് ബഹു. എംഎൽഎ അറിയിച്ചു.
യോഗം 11.45 AM ന് അവസാനിച്ചു

ഡെപ്യൂട്ടി കളക്ടർ (എൽ എ)